LIBRARY ARCHIVES Kerala Legislative Assembly

വഴിയും നിരവധി വികസനപ്രവർത്തനങ്ങൾ ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ നടത്തിയിട്ടുണ്ട്. ഗൈനക്കോളജി വിഭാഗം മെച്ചപ്പെടുത്തി മുടങ്ങിക്കിടന്ന ലേബർ റൂം സൗകര്യം പുനഃസ്ഥാപിച്ചു. ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലെ ഫ്രീയിനേജ് സംവിധാനം സംബന്ധിച്ച ഒരു പരാതി നിലവിലുണ്ട്. ഇതിനൊരു സ്ഥായിയായ പരിഹാരം കാണുന്നതിനുവേണ്ടി പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റിലേക്ക് കത്തെഴുതിയിട്ടുള്ളതും ഇതിനുവേണ്ട നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു.

നരപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ തസ്തികകൾ

226(927) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിച്ച നരപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

നാദാപുരം നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിച്ച നരപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ടെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

കളിമണ്ണ് എടുക്കുന്നതിന് അനുമതി

227 (928) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗതമായ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് ഉപജീവനത്തിനായി കളിമണ്ണ് എടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം ശ്രദ്ധിക്കുമോ;

(ബി) കളിമണ്ണ് ലഭിക്കാത്തതുകൊണ്ട് പ്രസ്തുത മേഖലയിൽ പ്രതിസന്ധി നിലനില്ക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവരെ സംരക്ഷിക്കുന്നതിനും ഉല്പന്ന വിതരണത്തിനും സംഭരണത്തിനും വ്യക്തമായ നയം ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മൺപാത്ര തൊഴിൽ മേഖല ഉൾപ്പെടെ പരമ്പരാഗത തൊഴിൽ മേഖല സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്ര നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിക്കോ, സഹകരണ സംഘത്തിനോ ഒരു വർഷത്തിൽ 50 ടൺ കളിമണ്ണ് എടുക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

(ബി) പരമ്പരാഗത കളിമൺപാത്ര നിർമ്മാണ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106(5) പ്രകാരം പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെടുന്ന ഒരു വ്യക്തിയോ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയോ ഒരു വർഷത്തിൽ സംഭരിക്കുന്ന 50 ടൺ കളിമണ്ണ് നീക്കം ചെയ്യുന്നതിന് റോയൽറ്റി ഈടാക്കാതെ സ്പെഷ്യൽ ട്രാൻസിറ്റ് പാസ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പാസ് അനുവദിക്കുന്നതിന് പാരിസ്ഥിതികാനുമതി, ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം തുടങ്ങിയ രേഖകൾ ആവശ്യമില്ലാത്തതാണ്.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

പടിയൂർ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഐ.റ്റി.ഐ.

228 (929) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഐ.റ്റി.ഐ. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) പുതിയ ഐ.റ്റി.ഐ.-യിൽ ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഓരോ കോഴ്സിനും എത്ര ബാച്ചുകൾ വീതമുണ്ട്; ഓരോ ബാച്ചിലും എത്ര കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കും;

(ഡി) പുതിയ ഐ.റ്റി.ഐ. ആരംഭിക്കുന്നതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എത്ര തസ്തികകൾ ; ഏതെല്ലാം;

(ഇ) പുതിയ ഐ.റ്റി.ഐ. ആരംഭിക്കുന്നതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചില്ലെങ്കിൽ, അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly